**പതിനാലാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2506** | **07.02.2019 -ൽ മറുപടിക്ക്**

**ഉത്തരവാദിത്ത ടൂറിസം പദ്ധതി**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. അബ്ദുൾ ഹമീദ്. പി | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) ഉത്തരവാദിത്ത ടൂറിസം പദ്ധതിയിലൂടെ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള എന്തെല്ലാം പദ്ധതി കളാണ് ലക്ഷ്യമിടുന്നത്; | എ) വിനോദസഞ്ചാര മേഖലയുമായി പ്രത്യക്ഷമായോ പരോക്ഷമായോ ബന്ധപ്പെട്ട് അധിക വരുമാനം സൃഷ്ടിക്കാനുതകുന്ന തരത്തിലുള്ള വിവിധ സൂക്ഷ്മ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള പരിശീലനങ്ങൾ ഉത്തരവാദിത്ത ടൂറിസം മിഷൻ വഴി നൽകി വരുന്നു. ഉത്തരവാദിത്ത ടൂറിസം മിഷൻ നിലവിൽ വന്നതിനുശേഷം പേപ്പർ ബാഗ് നിർമ്മാണം, തുണി സഞ്ചി നിർമ്മാണം, വിവിധ കരകൗശല വസ്തുക്കൾ ഉണ്ടാക്കൽ, പപ്പട നിർമ്മാണം, മെഴുകുതിരി നിർമ്മാണം, സാമ്പിൾ സോപ്പ് നിർമ്മാണം മുതലായവയിലുള്ള ട്രെയിനിംഗുകൾ, പ്രാദേശിക ടൂർ ലീഡേഴ്സിനുള്ള ട്രെയിനിംഗ്, സ്റ്റോറി ടെല്ലിംഗ് ട്രെയിനിംഗ്, ശാസ്ത്രീയ മാലിന്യ സംസ്കരണത്തിനുള്ള ട്രെയിനിംഗ് എന്നിങ്ങനെ വിവിധ മേഖലകളിൽ 3220 ഓളം ആളുകൾക്ക് പരിശീലനം നൽകി. പ്രാദേശികമായി വിദഗ്ദ്ധ-അവിദഗ്ദ്ധ തൊഴിൽ ചെയ്യുന്നവരെയും ആർ.ടി മിഷൻ യൂണിറ്റായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടൂറിസം മേഖലയിൽ പ്രാദേശിക മായി തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിനുവേണ്ടി യാണിത്. ടൂറിസം മേഖലയുമായി പ്രത്യക്ഷമായോ പരോക്ഷമായോ ബന്ധപ്പെട്ടു കിടക്കുന്ന വ്യത്യസ്ത |

ങ്ങളായ 13547 യൂണിറ്റുകൾ ഇപ്പോൾ ഉത്തര വാദിത്ത ടൂറിസം മിഷന്റെ ഭാഗമായി പ്രവർത്തിക്കുന്നു. ഈ യൂണിറ്റുകളെ ടൂറിസം മേഖലയുമായി നെറ്റ് വർക്ക് ചെയ്യുന്നതിനായി ആർ.ടി മിഷൻ 3 ഓൺലൈൻ പ്ലാറ്റ്ഫോമുകൾ നിർമ്മിച്ചിട്ടുണ്ട്. ഈ പ്ലാറ്റ്ഫോമുകളിലൂടെ ടൂറിസം വ്യവസായികൾക്കും വിനോദ സഞ്ചാരികൾക്കും ഉൾപ്പെടെ ആർക്കും ആർ.ടി യൂണിറ്റുകളുമായി നേരിട്ട് ബന്ധപ്പെടുകയും അവരുടെ സേവനങ്ങളും ഉൽപ്പന്നങ്ങളും വാങ്ങാവുന്നതുമാണ്. അധിക മുതൽമുടക്കില്ലാതെ നിലവിലുള്ള സൗകര്യങ്ങൾ പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ട് വിനോദ സഞ്ചാര മേഖലയിൽ നിന്നും അധിക വരുമാനവും തൊഴിലും സൃഷ്ടിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

| | | | |
|---|---|---|---|
| ബി) | സ്ത്രീ ശാക്തീകരണത്തിനും സംഘടിത വികസനത്തിനും പ്രാദേശിക ഉത്പന്നങ്ങളുടെ വിപണനത്തിനുമുള്ള സംരംഭങ്ങൾ ഈ പദ്ധതി വഴി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ; | ബി) | ടൂറിസം മേഖലയുമായി പ്രത്യക്ഷമായോ പരോക്ഷമായോ ബന്ധപ്പെട്ടു കിടക്കുന്ന വ്യത്യസ്തങ്ങളായ 13547 യൂണിറ്റുകൾ ഇപ്പോൾ ഉത്തര വാദിത്ത ടൂറിസം മിഷന്റെ ഭാഗമായി പ്രവർത്തിക്കുന്നു. ഈ യൂണിറ്റുകളെ ടൂറിസം മേഖലയുമായി നെറ്റ് വർക്ക് ചെയ്യുന്നതിനായി ആർ.ടി മിഷൻ 3 ഓൺലൈൻ പ്ലാറ്റ്ഫോമുകൾ നിർമിച്ചിട്ടുണ്ട്. ഈ പ്ലാറ്റ്ഫോമുകളിലൂടെ ടൂറിസം വ്യവസായികൾക്കും വിനോദസഞ്ചാരികൾക്കും ഉൾപ്പെടെ ആർക്കും ആർ.ടി യൂണിറ്റുകളുമായി നേരിട്ട് ബന്ധപ്പെടുകയും അവരുടെ സേവനങ്ങളും ഉൽപ്പന്നങ്ങളും വാങ്ങാവുന്നതുമാണ്. ഇതോടൊപ്പം ടൂറിസം സാധ്യതയുള്ള പ്രദേശങ്ങളെ കണ്ടെത്തി പ്രാദേശിക പങ്കാളിത്തത്തോടെ വികസിപ്പിക്കുന്നതിനുള്ള 'പെപ്പർ' (People's Participation for Participatory Planning and Empowerment through Responsible Tourism) പ്രോജക്ട് പോലുള്ള വിവിധ |

പദ്ധതികളും മിഷൻ നടത്തി വരുന്നു. ഈ പ്രവർത്തനങ്ങളിലൂടെയെല്ലാം തദ്ദേശ ഗ്രാമവികസനം, ദാരിദ്ര്യ ലഘൂകരണം, സ്ത്രീ ശാക്തീകരണം, എന്നീ മേഖലകളിൽ മുന്നേറ്റം സൃഷ്ടിക്കുവാൻ ആർ.ടി മിഷന് കഴിഞ്ഞിട്ടുണ്ട്.

| | |
|---|---|
| സി) വള്ളിക്കുന്ന് പഞ്ചായത്തിലെ ബാലാതുരുത്തി ദ്വീപിൽ ഉത്തരവാദിത്ത ടൂറിസം പദ്ധതി വഴി ടൂറിസം വികസനത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് അറിയിക്കുമോ? | സി) നിലവിൽ വള്ളിക്കുന്ന് പഞ്ചായത്തിനെ ഉത്തരവാദിത്ത ടൂറിസം മിഷൻ പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ